LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 30, വ്യാഴം

വാല്യം :142] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2010 ഡിസംബർ മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ. 211

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

1 (*211) ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആശുപത്രികളിലെ ജനറൽ വാർഡ്, ഐസൊലേഷൻ വാർഡ്, പേവാർഡ്, ലബോറട്ടറി എന്നിവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേനയുള്ള പദ്ധതികൾ നേടിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ഡോക്ടർമാരുടേയും നഴ്സുമാരുടേയും എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) സംസ്ഥാനത്തെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

തിരുവനന്തപുരത്തും കോഴിക്കോടുമുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ആശുപത്രികളിലെ വാർഡ്, ഒ.പി., ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി തുടങ്ങിയ എല്ലാ വിഭാഗങ്ങളും നവീകരിച്ചു. തിരുവനന്തപുരം തൈക്കാട് ആശുപത്രിയിൽ പുതിയ ബഹുനിലക്കെട്ടിടം പ്രവർത്തനസജ്ജമാക്കി. ഈ കെട്ടിടത്തിൽ വാർഡുകൾ, ഒ.പി., ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ, പ്രസവമുറി, നവജാതശിശുക്കൾക്കുള്ള നഴ്സറി എന്നിവ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് W&C ആശുപത്രിയിലും, വാർഡുകൾ നവീകരിക്കുകയും പുതിയ ലേബർ റൂം തുടങ്ങിയവ സ്ഥാപിക്കുകയും ചെയ്തു. മങ്ങാട്ടുപറമ്പ് W&C ആശുപത്രി ജനങ്ങൾക്ക് തുറന്നുകൊടുത്തു. ആലപ്പുഴ W&C ആശുപത്രിയിലും പുതിയ പീഡിയാട്രിക് വാർഡ്, ലേബർ റൂം, എമർജൻസി തിയേറ്റർ തുടങ്ങിയവ സ്ഥാപിച്ചു. കൊല്ലത്തും മട്ടാഞ്ചേരിയിലുമുള്ള W&C ആശുപത്രികളിൽ കുട്ടികളുടെ വാർഡും തിയേറ്ററും മറ്റും സ്ഥാപിച്ചു. എല്ലാ ആശുപത്രികളിലും കൂടുതൽ ഡോക്ടർമാരേയും നേഴ്സുമാരേയും നിയമിച്ചു. മരുന്നുകൾ ലഭ്യമാക്കി. ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിക്കുന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. NABH അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള അന്തിമഘട്ടത്തിലാണ് ഈ ആശുപത്രികൾ. ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരത്തിലുള്ള പരിശീലനവും ഗുണനിലവാരം ഉയർത്തുന്നതിനായി ഇന്റേണൽ ഓഡിറ്റും നടപ്പാക്കി.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനും ഗ്രാമീണ ആരോഗ്യ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമാണ് എൻ.ആർ.എച്ച്.എം. പദ്ധതി നടപ്പിലാക്കുന്നത്. എൻ.ആർ.എച്ച്.എം. പദ്ധതി നടത്തിപ്പു മാർഗ്ഗരേഖ (PIP) വികേന്ദ്രീകൃത ആസൂത്രണം വഴിയാണ് തയ്യാറാക്കുന്നത്. വാർഡ്, പഞ്ചായത്ത്, ജില്ലാതലങ്ങളിൽ ആരോഗ്യ പദ്ധതികൾ തയ്യാറാക്കുന്നു. ജില്ലാതല പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര ആരോഗ്യ വകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുന്നു. എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഓരോ വർഷത്തേയും കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി നടത്തിപ്പു മാർഗ്ഗരേഖ (PIP) പ്രകാരമാണ്. എൻ.ആർ.എച്ച്.എം. ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനുവേണ്ടി സംസ്ഥാന കുടുംബക്ഷേമ സൊസൈറ്റിയും 14 ജില്ലാ കുടുംബക്ഷേമ സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയശേഷം സംസ്ഥാനത്തെ ആറ് സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളിലായി ഡോക്ടർമാരുടെ 28 തസ്തികകൾ അധികമായി അനുവദിച്ചു. ഇപ്പോൾ 16 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ (അനസ്തേഷ്യ, റേഡിയോളജി) അടിയന്തരമായി നികത്തുന്നതിലേക്ക് പി.എസ്.സി. മുമ്പാകെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് ഡോക്ടർമാരെ അഡ്വൈസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്കുതന്നെ പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. പീഡിയാട്രിക്, ഗൈനക്കോളജി തസ്തികകൾ ഉടൻതന്നെ പ്രൊമോഷൻവഴി നികത്തുന്നതാണ്. ജനറൽ കേഡറിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിയെ അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിച്ചാലുടൻ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് എല്ലാ ആശുപത്രികളിലുമായി സ്റ്റാഫ് നഴ്സുമാരുടെ 291 ഒഴിവുകൾ നിലവിലുണ്ട്.. ഇവയിൽ 175 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളവയും ബാക്കി 111 പേർ ഡി.എം.ഇ.-ഡി.എച്ച്.എസ്. ബൈഫർക്കേഷന്റെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികളിൽ താൽക്കാലികമായി തുടരുന്നവരുമാണ്. ബൈഫർക്കേഷൻ പ്രക്രിയ തീരുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തപ്പെടും.

ശ്രീമതി ജെ. അരുന്ധതിക്കുവേണ്ടി ശ്രീമതി കെ. കെ. ലതിക : സർ, സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ പ്രവർത്തിച്ചുവരുന്നത്; സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ ഇല്ലാത്ത എല്ലാ ജില്ലകളിലും അത്തരം ആശുപത്രികൾ പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് ഹെൽത്ത് സർവ്വീസിൽ W&C ആശുപത്രികൾ പ്രവർത്തിക്കുന്നത്. അതേ സമയം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് പ്രത്യേക അഡ്മിനിസ്ട്രേഷൻ വിംഗോടുകൂടി കോഴിക്കോടും കോട്ടയത്തും തിരുവനന്തപുരത്തും W&C ആശുപത്രി പ്രവർത്തിക്കുന്നുണ്ട്.

ശ്രീമതി ജെ. അരുന്ധതിക്കുവേണ്ടി ശ്രീമതി കെ. കെ. ലതിക : സർ, എന്റെ മണ്ഡലത്തിലെ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രി സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, W&C എന്നു പറയുന്നത് പ്രത്യേക സ്പെഷ്യാലിറ്റിയോടുകൂടി പ്രവർത്തിക്കേണ്ട ഒരു ആശുപത്രിയാണ്. താലൂക്കാശുപത്രിയോടനുബന്ധിച്ച് W&C ആശുപത്രി എന്നുള്ള നിലയിൽ പ്രവർത്തിക്കാൻ സാധ്യമല്ല. കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഇപ്പോൾത്തന്നെ പ്രസവം നടക്കുന്നുണ്ട്. കുട്ടികളുടെ ഡോക്ടറും അവിടെയുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, വിമൺ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റൽ സ്ഥാപിക്കാൻ തയ്യാറായിട്ടുള്ളത് ജില്ലകളിലാണ്. ഗവൺമെന്റ് ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെട്ടപ്പോൾ ഗവൺമെന്റ് ആശുപത്രികളിൽ പ്രസവിക്കാൻ വരുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് താലൂക്കാശുപത്രികളിലുള്ള പ്രസവ വാർഡുകൾ നവീകരിക്കുന്നതിനും അവിടെയെല്ലാം ഗൈനക്കോളജിസ്റ്റുകളെ പോസ്റ്റ് ചെയ്യുന്നതിനും തയ്യാറാകുമോ ; അതോടൊപ്പം എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലെ ഇരിട്ടി ആശുപത്രിയിലും ഗൈനക്കോളജിസ്റ്റിനെ പോസ്റ്റ് ചെയ്യാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട ശൈലജ ടീച്ചറുടെ മണ്ഡലത്തിലെ ആശുപത്രികൾ വളരെ ചുരുങ്ങിയ ഡോക്ടർമാരുള്ള ആശുപത്രികളാണ്. ഇരിട്ടി ആദിവാസികളുള്ള പ്രദേശമായിട്ടുപോലും രണ്ട് ഡോക്ടറാണ് അവിടെയുള്ളത്. അതുപോലെ പേരാവൂരിൽ നാല് ആയിരുന്നു. അതിപ്പോൾ ഒമ്പത് ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മട്ടന്നൂരിൽ രണ്ട് ഡോക്ടർമാരേയുള്ളൂ. ഇത്രയും ചെറിയ ആശുപത്രികളാണ് ഈ നിയോജക മണ്ഡലത്തിലുള്ളത്. വളരെയേറെ പ്രയാസകരമായ ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് ഗവൺമെന്റ്, പേരാവൂർ താലൂക്ക് ആശുപത്രി എന്ന നിലയിൽ അപ്ഗ്രേഡ് ചെയ്ത് കുറച്ച് ഡോക്ടേഴ്സിനെ കൂടുതൽ അനുവദിച്ചു. ഇപ്പോൾ അവിടെ പേരാവൂരും ഇരിട്ടിയിലും. പ്രസവം ഉൾപ്പെടെ നടക്കുന്നുണ്ട്. മട്ടന്നൂരിൽ കുറച്ചുകൂടി അപ്ഗ്രേഡ് ചെയ്യാനുണ്ട്. ഈ മൂന്ന് ആശുപത്രികളിൽ പ്രത്യേകിച്ച്, മലയോര മേഖലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ ആശ്രയിക്കേണ്ടുന്ന ആശുപത്രി എന്ന നിലയിൽ ഈ മൂന്ന് ആശുപത്രികളേയും അപ്ഗ്രേഡ് ചെയ്ത് നല്ല സൗകര്യമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. വാർഡുകളും നവീകരിക്കാനുള്ള നടപടി ആയിട്ടുണ്ട്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യവകുപ്പുമന്ത്രിയായ ശേഷം ആരോഗ്യ രംഗത്ത് ഒരുപാട് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരണം കിട്ടുന്ന ഫണ്ടുകൾ കേന്ദ്രത്തിന്റേതായാലും സംസ്ഥാനത്തിന്റേതായാലും കൃത്യമായി ഉപയോഗിച്ചുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലുൾപ്പെടെ അഭിമാനകരമായിട്ടുള്ള പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ഞാൻ സൂചിപ്പിക്കുന്നത്, സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കിയപ്പോൾ താഴെ തലങ്ങളിലുള്ള ആശുപത്രികളിൽ, പ്രത്യേകിച്ച് കമ്മ്യൂണിറ്റി

ഹെൽത്ത് സെന്റർ പോലുള്ള സ്ഥലങ്ങളിലൊക്കെ നടന്നുവരുന്ന പ്രസവങ്ങളൊക്കെ ഇപ്പോൾ ഇല്ലാതാകുന്ന സ്ഥിതിയിലേക്കാണ് എത്തിയിട്ടുള്ളത്. സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കിയതിന്റെ പേരിൽ പ്രയാസപ്പെട്ട് നിൽക്കുന്ന ഇത്തരം അവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി താഴെ തലങ്ങളിൽ ഗ്രാമീണ മേഖലയിലെ ആളുകൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഇത്തരം ആശുപത്രികളുടെ പ്രവർത്തനം നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുവേണ്ടി ഗൈനക്കോളജിസ്റ്റിനേയും പീഡിയാട്രീഷ്യനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : സർ, കേരളത്തിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതോടുകൂടിയാണ് എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെയും സേവനം താലൂക്ക് തലങ്ങളിൽവരെ ഉറപ്പാക്കിയത്. അതേസമയം ശ്രീമതി കെ. എസ്. സലീഖ പറഞ്ഞതുപോലെ ചില പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതുണ്ട്. ചില സ്ഥലങ്ങളിൽ ഡെലിവറി നടക്കുന്നുണ്ടെങ്കിലും അവിടെ സ്പെഷ്യാലിറ്റി എന്നുള്ള നിലയിൽ ഇല്ല. അതുകൊണ്ട് മെമ്പറുടെ മണ്ഡലത്തിലുൾപ്പെടെ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ എന്നീ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കുറെ നടപടികൾ ആയിട്ടുണ്ട്. പക്ഷെ ഒരു കാര്യമുള്ളത്, ബ്ലഡ് സ്റ്റോറേജില്ലാതെ ഒരു സ്ത്രീയും പ്രസവത്തിനായി ഒരു ആശുപത്രിയെ ആശ്രയിക്കാറില്ല. അതുകൊണ്ട് 50 ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജിന്റെ നടപടിയായിക്കഴിഞ്ഞിട്ടുണ്ട്. കെ.എസ്.എ.സി.എസ്. അതിനുള്ള ടെണ്ടർ അംഗീകരിച്ച് നടപടി ആയിട്ടുണ്ട്. 50 ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് വരുന്ന മുറയ്ക്ക് ആ ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രീഷ്യനേയും പോസ്റ്റ് ചെയ്യാൻ സാധിക്കും. പ്രസവം ഉൾപ്പെടെ നടത്താനുള്ള സൗകര്യവുമുണ്ടാകും.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, സത്യത്തിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യവകുപ്പുമന്ത്രിയായശേഷം ആരോഗ്യ മേഖലയിൽ ഒരുപാട് മാറ്റം ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കണ്ണുണ്ടായാൽപ്പോര കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ കാലങ്ങളിൽ എങ്ങനെയായിരുന്നുവെന്ന് എനിക്കുമറിയാം. ഓരോ ആശുപത്രിയും വൃത്തിഹീനമായി കിടന്ന് ഒരു മനുഷ്യൻ തിരിഞ്ഞുനോക്കാതെ, മരുന്നില്ലാതിരുന്ന അവസ്ഥ മാറി ഇപ്പോൾ ആ ആശുപത്രികളിൽ ചെന്നാൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. മെഡിക്കൽ കോളേജ് ഉൾപ്പെടെ വൃത്തിയും വെടിപ്പുമായിട്ടുണ്ട്. ഒരുപാട് എക്യൂപ്മെന്റ്സ് വന്നിട്ടുണ്ട്. ഇതെല്ലാം യഥാർത്ഥത്തിൽ വിമർശിക്കുന്നവർകൂടി കാണണമെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ചോദ്യം ചോദിക്കുന്നു. കൊട്ടാരക്കര താലൂക്ക് ആശുപത്രി രണ്ട് പ്രധാന റോഡുകൾ സന്ധിക്കുന്ന സ്ഥലത്താണ്. അവിടെ ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. 24 മണിക്കൂറും ലബോറട്ടറി ടെക്നീഷ്യൻമാരുടെ സേവനം നൽകാനും അതുപോലെ പഴയ കെട്ടിടങ്ങൾ നവീകരിക്കാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ശ്രീമതി അയിഷാ പോറ്റിയുടെ മണ്ഡലത്തിലെ കൊട്ടാരക്കര ആശുപത്രിയുടെ നില അത്യന്തം ശോചനീയമായിരുന്നു. കഴിഞ്ഞ നാല് വർഷവും അവർ ആവശ്യപ്പെട്ടു കൊണ്ടിരുന്നത് അവിടെ കാഷ്വാലിറ്റി. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവ വേണമെന്നായിരുന്നു. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഒരു കാഷ്വാലിറ്റി യൂണിറ്റില്ല. അടൂരിൽ കാഷ്വാലിറ്റി യൂണിറ്റുണ്ടായിരുന്നില്ല. ശ്രീ. തിരുവഞ്ചൂർ അടൂരിലെ ആശുപത്രിക്കുവേണ്ടി പ്രത്യേകമായി ചില തീരുമാനങ്ങളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ അടൂർ ആശുപത്രിയിൽ ഞാൻ അത് നടപ്പിലാക്കിയെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ കാറിൽ വരുന്നവർപോലും അടൂർ ആശുപത്രിയിൽ ചികിത്സയ്ക്കായി വരികയാണ്. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം തന്നെയാണ് അതിന്റെ കാര്യങ്ങളെല്ലാം ചെയ്തത്. കൊട്ടാരക്കരയിൽ ഇപ്പോൾ ഡോക്ടേഴ്സും സ്റ്റാഫുമെല്ലാമായി. വീണ്ടും പണം അനുവദിച്ചിട്ടുണ്ട്. പുതിയ ബിൽഡിംഗ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടുകൂടി ഉടൻതന്നെ അവിടെ നടപ്പിലാക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ജില്ലാ ആസ്ഥാനമായ കാസർഗോഡ് സ്ത്രീകളുടേയും കുട്ടികളുടേയും ഒരു ആശുപത്രി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? ഇല്ലെങ്കിൽ അത് പരിഗണിച്ച് ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് താലൂക്കാശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തിയത്. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി നിർമ്മിച്ച 7 നില കെട്ടിടം അവിടെയുണ്ടായിരുന്നു. ലിഫ്ടോ, വയറിംഗോ മറ്റൊന്നും ഇല്ലാതെ കിടന്നിരുന്ന ആ 7 നില കെട്ടിടം പൂർണ്ണമായി ഫർണിഷ് ചെയ്ത്, പുതിയ തസ്തിക സൃഷ്ടിച്ച് പ്രവർത്തനക്ഷമമാക്കി ജനറൽ ആശുപത്രിയാക്കി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ ആ പ്രദേശത്തെ ആളുകൾക്ക് അത് വലിയൊരു അനുഗ്രഹമായി മാറിയിട്ടുണ്ട്. അത് സി. ടി.-യുടെ ശ്രമഫലമായിട്ടാണ്. അത് തീർച്ചയായും വളരെ അഭിനന്ദനാർഹമായ കാര്യമാണ്. കാസർഗോഡ് പോലുള്ള ജില്ലയിൽ ഇങ്ങനെയൊരു കെട്ടിടം ലഭ്യമാക്കാൻ സാധിച്ചതുകൊണ്ടാണ് അതിനെ ഇന്ന് ഒരു ജനറൽ ആശുപത്രിയാക്കി മാറ്റാൻ സാധിച്ചത്. കാസർഗോഡിന്റെ സ്ഥിതി വളരെ ദയനീയമാണ്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുകയെന്നു പറയുന്നത് അത്ര എളുപ്പമല്ല. കണ്ണൂരിൽ. 1980-ൽ ശ്രീ. ഇ. കെ. നയനാർ തറക്കല്ലിട്ട് പണി പകുതിയായിട്ടുള്ള കെട്ടിടമാണ് ഈ സർക്കാർ വന്നതിനുശേഷം വൃത്തിയാക്കി ഇപ്പോൾ പ്രവർത്തനക്ഷമമാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഒരു ആശുപത്രി ആരംഭിക്കണമെന്നാണ് എന്റെയും അഭിപ്രായം. ഇനിയും അതിന് നമുക്ക് സമയമുണ്ട്. അങ്ങ് സഹായിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. മൊയ്തീൻ: സർ, തൃശ്ശൂർ ജില്ലയിലെ പഴയ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ജില്ലാ ആശുപത്രിയിൽ കുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേക ചികിത്സാ സൗകര്യങ്ങളുണ്ടായിരുന്നതാണ്. ഇപ്പോൾ തൃശ്ശൂർ മെഡിക്കൽ കോളേജിൽപ്പോലും അത്തരം സൗകര്യങ്ങളില്ല. പഴയ ജില്ലാ ആശുപത്രിയുടെ ഭാഗമായിരുന്ന കെട്ടിടങ്ങളാണെങ്കിൽ ഇപ്പോൾ നശിച്ചു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഈ കെട്ടിടങ്ങളും മറ്റും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ, അവിടെ കുട്ടികളുടേയും സ്ത്രീകളുടേയും ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അതിന് ഒരു ആലോചനയുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ W&C wing ആയിട്ടുതന്നെ പ്രവർത്തിക്കണം. അതിന് പണം അനുവദിച്ചിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും വിഭാഗം ആരംഭിക്കാനായി പി.ഡബ്ല്യു.ഡി. ഫണ്ടിൽ നിന്ന് 6 കോടി രൂപ മാറ്റിവച്ച് ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കം ചെന്ന ഒരു ആശുപത്രിയാണ് ചങ്ങനാശ്ശേരി താലൂക്കാശുപത്രി. അങ്ങ് 2 പ്രാവശ്യം അവിടെ വന്നു. രണ്ടുപ്രാവശ്യവും പറഞ്ഞു എൻ.ആർ.എച്ച്.എം.ൽ നിന്നും സഹായിക്കുമെന്ന്. രണ്ടാമത്തെ പ്രാവശ്യം തുകയും പ്രഖ്യാപിച്ചു. ഇതുവരെയായിട്ടും അത് ലഭിച്ചിട്ടില്ല. ചങ്ങനാശ്ശേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് അങ്ങ് പ്രഖ്യാപിച്ച സഹായം ഉടൻതന്നെ നൽകാൻ നടപടിയെടുക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അതിൻമേൽ തീരുമാനം ആയിട്ടുണ്ട്. ഓർഡറും ആയിട്ടുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ-(എൻ.ആർ.എച്ച്.എം) -ന്റെ ഫണ്ട് ചങ്ങനാശ്ശേരി താലൂക്കാശുപത്രിക്കു വേണ്ടി അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല താലൂക്കാശുപത്രിയെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ജൂൺ മാസം എൻ.എ.ബി.എച്ച്.ന്റെ പരിശോധനയും മറ്റും കഴിഞ്ഞതാണ്. അവർ പറഞ്ഞ എല്ലാ കണ്ടിഷനും പൂർത്തിയാക്കിയിട്ടും ഇതുവരെ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായില്ല. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നാലഞ്ച് ആശുപത്രികൾ അതിനായി ഞങ്ങൾ തെരഞ്ഞെടുത്തെങ്കിലും ഇപ്പോൾ എൻ.എ.ബി.എച്ച്.-ന്റെ കേന്ദ്രതലത്തിലുള്ള ഉദ്യോഗസ്ഥന്മാർ വന്ന് എറണാകുളം ജനറൽ ആശുപത്രിയെയാണ് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത്. വളരെ പ്രയാസകരമായ ഗൈഡ്ലൈൻ ആണ് അവർക്കുള്ളത്. അതുകൊണ്ട് ചേർത്തലയ്ക്ക് ഇനിയും കുറേ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.; ചെയ്യാൻ സാധിക്കും. അത് ചെയ്തുകഴിഞ്ഞാൽ നമുക്ക് ചേർത്തല താലൂക്കാശുപത്രിയെ എൻ.എ.ബി.

എച്ച്-ന്റെ അക്രെഡിറ്റേഷൻ കിട്ടുന്നതിലേയ്ക്ക് എത്തിക്കാം. അതിന് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ദിവസത്തിൽ ഇരിക്കൂർ പി.എച്ച്.സി-യെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി അവിടെവച്ച് പ്രഖ്യാപിക്കുകയുണ്ടായി. അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി വിശദമാക്കാമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇരിക്കൂർ പി.എച്ച്.സി. കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലുള്ള ഒരു ചെറിയ ആശുപത്രിയാണ്. അത് സിഎച്ച്സി ആക്കണമെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇതിനുമുമ്പും ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ കൂടുതൽ ഡോക്ടേഴ്സിനെ നാഷണൽ റൂറൽ ഹെൽത്ത് മിഷനും, സി.ആർ.എസ്സും വഴി നിയമിച്ചതിലൂടെ ഇപ്പോൾ നന്നായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാര്യം നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്. പക്ഷേ അത് സിഎച്ച്സി ആയി ഉയർത്തണം. ഇരിക്കൂറിലെ പി.എച്ച്.സി. ഇതിട്ടിയെപ്പോലെ ഉയർത്തേണ്ട ആശുപത്രിയാണ്. അതിന് സർക്കാർ തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ദിവാകരൻ: സർ, ഇപ്പോൾ പാലക്കാട് ജില്ലാ ആശുപത്രിയുടെ 150-ാമത് വാർഷികം ആഘോഷിക്കുന്ന വേളയാണ്. 100-ാം വാർഷിക വേളയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ആണ് അവിടത്തെ ഒരു വാർഡ് ഉദ്ഘാടനം ചെയ്തത്. ഇപ്പോൾ പാലക്കാട് ജില്ലാ ആശുപത്രിയോട് തൊട്ടടുത്ത കോമ്പൗണ്ടിലാണ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പ്രവർത്തിക്കുന്നത്. ഒരു വർഷം 600-ൽപ്പരം പ്രസവമാണ് പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നടന്നുകൊണ്ടിരിക്കുന്നത്. പക്ഷേ അത് പ്രത്യേക ഭരണസംവിധാനത്തിൻകീഴിൽ കൊണ്ടുവരണമെന്ന് നിരവധി പ്രാവശ്യം സബ്മിഷനിലൂടെയും ചോദ്യോത്തരവേളയിലും നിവേദനം മുഖാന്തരവുമൊക്കെ അപേക്ഷിച്ചിട്ടുണ്ട്. 150-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിലെങ്കിലും അത് പ്രത്യേക ആശുപത്രിയാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. അവിടെ സ്റ്റാഫെല്ലാം ഉണ്ട്. ഇനി സൂപ്രണ്ടിനെ മാത്രം പോസ്റ്റ് ചെയ്യുകയേ വേണ്ടൂ. ഒരു പ്രത്യേക ആശുപത്രിയായി അതിനെ പരിഗണിക്കാൻ കഴിയുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പാലക്കാട് ജില്ലാ ആശുപത്രി റോഡിന് അപ്പുറത്തും ഇപ്പുറത്തും രണ്ട് ഭാഗങ്ങളിലായിട്ടാണ് പ്രവൃത്തിക്കുന്നത്. W&C എന്ന നിലയിൽ പ്രത്യേകമായി ഉദ്ദേശിച്ചുകൊണ്ടാണ് അന്ന് നിർമ്മിച്ചത്. അതിന്റെ ഫയൽ ഉണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് തയ്യാറാണ്.

ശ്രീ. എ. എ. ഷുക്കൂർ: സർ, ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ഏറ്റവും പ്രകൃതി രമണീയമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ആലപ്പുഴ കടപ്പുറമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും വളരെ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യപ്രദമായ സ്ഥലമാണ്. അവിടെ ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ്. അവിടെയൊരു ബ്ലഡ് ബാങ്ക് പ്രവർത്തിച്ചിരുന്നു. ഇരുപത് ലക്ഷം രൂപയുടെ ജനറേറ്റർ സൗകര്യമുണ്ടായിരുന്നു. ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറിയപ്പോൾ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം നിലച്ചു. സ്റ്റോറേജ് സൗകര്യമില്ല. ഇതുമാത്രമല്ല. കഴിഞ്ഞ മൂന്ന് മാസങ്ങൾക്കുമുമ്പ് പേ വാർഡിൽ ഒരു കോൺക്രീറ്റ് ഭാഗം ഇടിഞ്ഞുവീണ് ആ ഭാഗം പ്രവർത്തനയോഗ്യമല്ലാതായി തീർന്നതുകൊണ്ട് പേ വാർഡ് അടച്ചിട്ടിട്ട് 3 മാസങ്ങൾ പിന്നിട്ടിരിക്കുന്നു. സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര ശ്രദ്ധ ഉണ്ടാകണം. അവിടെ വളരെ ശോചനീയമായ അവസ്ഥയാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ സുനാമിയുടെ പേരിൽ കെട്ടിടം പണിതു, ആ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടത്തിൽ മറ്റ് വാർഡുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. പക്ഷേ സ്ത്രീകളുടേയും കുട്ടികളുടേയും വാർഡ് വളരെ ശോചനീയമായ അവസ്ഥയിലാണ്. അത് പരിഹരിക്കാനാവശ്യമായ നടപടിയെടുക്കുമോ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> സർ, W&C ആശുപത്രിയിൽ ഒട്ടേറെ നവീകരണപ്രവർത്തനം നടന്നിട്ടുണ്ട്. ഇനിയും അവിടെ പ്രയാസങ്ങളുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കും. ജനറേറ്ററുമായും ബ്ലഡ് സ്റ്റോറേജുമായും ബന്ധപ്പെട്ടുകൊണ്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. പി. വിശ്വൻ:</u> സർ, കേരളത്തിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രികളാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, ബീച്ച് ആശുപത്രി, കോട്ടപ്പുറത്തെ ആശുപത്രി ഈ 3 ആശുപത്രികളിൽ ആയിരക്കണക്കിന് ആളുകൾ പ്രസവത്തിന് വരുന്നതാണ്. യഥാർത്ഥത്തിൽ ഇന്ന് അതൊരു സ്വർഗ്ഗമായി മാറ്റിയിട്ടുണ്ട്. ഞാൻ വെറുതെ പറയുന്നതല്ല. പക്ഷേ ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും പോകുന്ന രോഗികൾ വീണ്ടും ഭഗവാനെ ഒരു അവസരം കൂടി തരണേ എന്ന് പറഞ്ഞ് ഇവിടെ തിരിച്ചുവരാൻ ആഗ്രഹിക്കുന്നവരാണ്. അവിടെ അത്ര സൗകര്യമാണുള്ളത്. തിരുവണ്ണൂരും അതുപോലെ പയ്യോളിയും ഒക്കെത്തന്നെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കിയിട്ടുണ്ട്. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽക്കൂടി ആവശ്യമായ ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചാൽ ഈ ആശുപത്രികളുടെ ഭാരം ലഘൂകരിക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം. അതിനുള്ള പരിപാടികൾ സർക്കാർ ആവിഷ്ക്കരിക്കുമോ? അവിടെ സ്ഥിരമായി ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നൽകുമോ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:</u> സർ, ബഹുമാനപ്പെട്ട വിശ്വൻ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായിട്ടുള്ള ഐ.എം.സി.എച്ച്.നെക്കുറിച്ചാണ് സംസാരിച്ചത്. ഹെൽത്ത് സർവ്വീസിലെ ആശുപത്രികളിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നത് മഞ്ചേരിയിലാണ്. അത് ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറഞ്ഞത് ശരിയാണ്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ ഡെലിവറി നടക്കുന്നത് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായിട്ടുള്ള ഐ.എം.സി.എച്ച്.-ൽ ആണ്. പക്ഷേ ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കാരണം, ടൗണിലുള്ള W& C കോട്ടപ്പറമ്പ്, കൊയിലാണ്ടി താലൂക്കാശുപത്രികളൊക്കെ വികസിച്ചിട്ടുണ്ട്. കൊയിലാണ്ടി ആശുപത്രിയിൽ പ്രസവം ഒന്നും തന്നെ നടന്നിരുന്നില്ല. ഇപ്പോൾ 1500 ഒ.പി. അവിടെത്തന്നെയുണ്ട്. എന്നോട് വിശദൻ മാഷ് പറഞ്ഞതെന്താണെന്നുവച്ചാൽ, അവിടെ ഒന്നു രണ്ട് പ്രൈവറ്റ് ആശുപത്രികളേ ഇപ്പോഴുള്ളൂ; ബാക്കിയുള്ളതെല്ലാം പൂട്ടിപോകുന്ന സ്ഥിതിയിലേക്ക് എത്തിയെന്നാണ്. ഞാൻ പറയുന്നത് പയ്യോളിപോലുള്ള കേരളത്തിലെ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുറച്ചുകൂടി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. കുറച്ച് സൗകര്യങ്ങൾ കൂടി വേണ്ടതുണ്ട്. അത് വളരെ ശരിയാണ്. അവിടെ മാത്രമല്ല, കേരളത്തിലെ 110 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇപ്പോൾ നവീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടം വന്നിട്ടുണ്ട്. അവിടങ്ങളിൽ 2 ഡോക്ടറുടെ സ്ഥാനത്ത് നാലോ അഞ്ചോ ഡോക്ടർമാർ ആയിട്ടുണ്ട്.

<u>ശ്രീ. പി. എം. എ. സലാം</u>: സർ, ഇവിടെ ചർച്ച ചെയ്യപ്പെട്ടത് കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെക്കുറിച്ചാണ്. എനിക്ക് പറയാനുള്ളതും എന്റെ മണ്ഡലത്തിലെ ആശുപത്രിയെപ്പറ്റിത്തന്നെയാണ്. ചികിത്സാരംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഏറ്റവും വലിയ ചികിത്സ വേണ്ടത് വന്ധ്യതാ ചികിത്സയ്ക്കാണ്. നമ്മുടെ നാട്ടിൽ ഇതിനുവേണ്ടി സ്വകാര്യ ആശുപത്രികൾ കൂണുപോലെ മുളച്ച് വരികയാണ്. സ്വകാര്യ ആശുപത്രികളിൽ താങ്ങാനാകാത്ത ചെലവുകളാണ് വഹിക്കേണ്ടിവരുന്നത്. മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് വന്ധ്യതാ ചികിത്സയ്ക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തുമോ?

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: സർ, ചെറിയ യൂണിറ്റുകൾ ഉണ്ടെങ്കിൽപ്പോലും വളരെ നല്ല രീതിയിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന വന്ധ്യതാ ക്ലിനിക് കേരളത്തിൽ ഗവൺമെന്റ് മേഖലയിൽ ഇപ്പോഴും ഇല്ല. ഇപ്പോൾ പി.എം.എസ്.എസ്. വൈ -യുടെ ഭാഗമായി തിരുവനന്തപുരത്ത് ഏതാനും നാളുകൾക്കുള്ളിൽ വളരെ ഫലപ്രദമായി സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്നതുപോലെയുള്ള ഇൻഫെർട്ടിലിറ്റി ക്ലിനിക് പ്രവർത്തിപ്പിക്കാൻ പോകുകയാണ്. തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഒരു യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കുറേ ആളുകൾക്ക് അതിന്റെ പ്രയോജനം കിട്ടിയിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. തീർച്ചയായും കോഴിക്കോടും ഇതുപോലൊരു യൂണിറ്റ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കാം. അത് വേണ്ടതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ചാലക്കുടി താലൂക്ക് ആശുപത്രിയിലെ വാർഡുകൾ പകുതി ജീർണ്ണിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മഴക്കാല

LIBRARY ARCHIVES Kerala Legislative Assembly

മായാൽ ചോർന്നൊലിക്കും. വല്ലാത്ത ഒരവസ്ഥയാണ് അവിടെ നിലനിൽക്കുന്നത്. ഇവിടെ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി പുതിയ ഒരു വാർഡ് നിർമ്മിക്കുന്നതിനു രണ്ടരകോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പുതിയ വാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഒരുകോടി രൂപയുടെ ബിൽഡിംഗ് ആണ് അവിടെ എടുത്തുകൊണ്ടിരിക്കുന്നത്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് ആശുപത്രിയുടെ വാർഡുകൾ നവീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ടി. യു. കുരുവിള: കോതമംഗലം താലൂക്ക് ആശുപത്രിയിൽ സ്ത്രീകളുടെ വാർഡിന് വാതിൽ പോലുമില്ല. ഒരു സുരക്ഷിതത്വവുമില്ലാത്ത സ്ഥിതിയിലാണ് അതുകൊണ്ട് കഴിഞ്ഞ പ്രവാശ്യം ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നപ്പോൾ ഉടനെ ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞിരുന്നു. വാതിലില്ല എന്നു പറഞ്ഞാൽ വളരെ കഷ്ടമാണ്. രാത്രി വാർഡിൽ കിടന്നുറങ്ങാൻ പോലും സ്ത്രീകൾക്ക് സാധിക്കുന്നില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: കോതമംഗലം മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ആശുപത്രിക്ക് എല്ലാവർഷവും മെയിന്റനൻസിനുവേണ്ടി അഞ്ചു ലക്ഷം രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് അവർ വാതിൽ നിർമ്മിക്കാതിരുന്നത് എന്നെനിക്കറിയില്ല. പക്ഷേ ബഹുമാനപ്പെട്ട അംഗം പി.ഡബ്ല്യു.ഡി മിനിസ്റ്ററായിരുന്നപ്പോൾ നടത്തിയ പരിശ്രമത്തിന്റെ ഫലമായി എൻ.ആർ.എച്ച്.എം.ന്റെ ഫണ്ടുപയോഗിച്ച് നവീകരണവും അതിനോടൊപ്പം വലിയ ഒരു കെട്ടിടവും അവിടെ ഉയരുകയാണ്. വാതിലിന്റെ കാര്യം ഞാൻ ശ്രദ്ധിച്ചില്ല. അത് പരിശോധിക്കാം.

ശ്രീ. വി. എൻ. വാസവൻ : സർ, കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കുട്ടികളുടെ ആശുപത്രിയിൽ മറ്റ് സൗകര്യങ്ങളെല്ലാമുണ്ടെങ്കിലും ഒരു ആമ്പുലൻസ് ഇല്ല. ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനുവേണ്ടി അൻപത് ലക്ഷം രൂപ തരാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അത് തരുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അൻപത് ലക്ഷം രൂപ കൊടുക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. അതേസമയം ആമ്പുലൻസ് വാങ്ങാൻ ഗവൺമെന്റിന്റെ പ്രൊവിഷനില്ല. ഹെൽത്ത് സർവ്വീസിലും ഫണ്ട് കേന്ദ്ര ഗവൺമെന്റ് തന്നുകൊണ്ടിരുന്നതാണ്. ഹെൽത്ത് സർവ്വീസിൽ ഇപ്പോൾ ആംബുലൻസ് വാങ്ങാൻ പ്രൊവിഷനില്ല. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് വാങ്ങാൻ പ്രൊവിഷനില്ല. അതുകൊണ്ട് എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് ഒരു പത്ത് ലക്ഷം രൂപയുണ്ടെങ്കിൽ വാങ്ങാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: ചോദ്യത്തിൽ (സി) പിരിവിൽ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തെപ്പറ്റിയാണ് അങ്ങ് വിശദീകരിച്ചത്. ഇവിടെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വരും പറയുന്നു ആശുപത്രികളിൽ വലിയ മാറ്റമുണ്ടായെന്ന്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, രാജ്യ വ്യാപകമായി യു.പി.എ. സർക്കാർ നടപ്പാക്കുന്ന ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന്റെ ഫണ്ടാണ്. എന്റെ കൈയിൽ ഒരു നോട്ടീസുണ്ട്. 108 ആമ്പുലൻസ് എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ളതാണ്. ഈ നോട്ടീസിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മറ്റൊരു ജനക്ഷേമ പദ്ധതിയെന്നാണ് പറയുന്നത്. . ഇതിൽ സിഗരറ്റ് കൂടിന് പുറത്ത് സിഗരറ്റ് വലി ആരോഗ്യത്തിന് ഹാനികരം എന്ന് പറയുന്ന വലിപ്പത്തിൽ ഇത് ഒരു കേന്ദ്ര പദ്ധതിയാണെന്ന് കൂടി എഴുതാനുള്ള സൗമനസ്യം പോലും കാണിച്ചിട്ടില്ല. അതെന്താണ്?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: കഴിഞ്ഞ നാലേമുക്കാൽ വർഷത്തിനുള്ളിൽ മഹാ ഭൂരിപക്ഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടും സുനാമി പുനരധിവാസ ഫണ്ടും മെഡിക്കൽ കോളേജിൽ പി.ഡബ്ല്യു.ഡി.ഫണ്ടുമാണ് ചെലവഴിച്ചത്. ആലപ്പുഴ മണ്ഡലത്തിൽ 116 കോടി രൂപയാണ് മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിച്ചത്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടും ഓരോ വർഷവും ഓരോരോ സെക്ഷനായിട്ടാണ് തരുന്നത്. അതിൽ മറച്ചുവയ്ക്കേണ്ട ഒരു കാര്യവുമില്ല. നമുക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഫണ്ട് കിട്ടുന്നു എന്നുള്ള കാര്യം മറച്ചുവയ്ക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. ഹെൽത്തിന്റെ എല്ലാ പരിപാടികളുടെയും ഒരു സിമ്പൽ എൻ. ആർ. എച്ച്.എം.ന്റെയാണ്. കേരള ഗവൺമെന്റിന്റെ സിമ്പലിനോടൊപ്പം എൻ. ആർ.എച്ച്.എം.ന്റെയും സിമ്പലുണ്ട്. 108 ആംബുലൻസ് വാങ്ങിയതിന്റെ കാര്യത്തിൽ അങ്ങനെ വന്നത് എന്താണെന്ന് അറിയില്ല. ഇതിൽ കേന്ദ്ര ഫണ്ട് മാത്രമല്ല, 40 ശതമാനം സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്രൊവിഷനുംകൂടിയുണ്ട്. തിരുവനന്തപുരത്ത് വളരെ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ ആംബുലൻസ് സംവിധാനം അഞ്ച് മിനിറ്റ് കൊണ്ട് ഏത് ഭാഗത്തും എത്താവുന്ന തരത്തിൽ നടപ്പാക്കണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്തതിന്റെ ഫലമായി ആലത്തൂർ താലൂക്ക് ആശുപത്രിയിൽ വലിയ വികസനമാണ് നടന്നത്. അവിടെ ഡോക്ടർമാരുടെ തസ്തിക 18 ആക്കി വർദ്ധിപ്പിച്ചു. അങ്ങനെ നല്ല നിലയിൽ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഉള്ള ഡോക്ടർമാരെല്ലാം ലീവെടുത്തുപോയത്. ഇപ്പോൾ 3 ഡോക്ടർമാർ മാത്രമാണ് ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഉള്ളത്. 18 ഡോക്ടർമാർ ഉണ്ടായിരുന്ന സ്ഥാനത്ത് മൂന്ന് ഡോക്ടർമാർ മാത്രമായപ്പോൾ അവരെക്കൊണ്ട് മാത്രം രോഗികളെ പരിശോധിക്കാൻ കഴിയുന്നില്ല അതിനാൽ അവിടെ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അത് വളരെ സീരിയസ്സായ കാര്യമാണ്. സഭ പിരിഞ്ഞാലുടനെ അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: സർ, കേരളത്തിലെ കുട്ടികൾക്കുവേണ്ടിയുള്ള ഏക ആശുപത്രിയാണ് കോട്ടയം മെഡിക്കൽ കോളേജിനോട് ചേർന്ന് പ്രവർത്തിക്കുന്ന ഐ.സി.എച്ച്. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്) ഈ ആശുപത്രി ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കണമെന്ന് വളരെക്കാല മായി ആവശ്യപ്പെടുന്ന കാര്യമാണ്. ഗവൺമെന്റ് കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒരു സംശയവുമില്ല. നാട്ടുകാർ സഹകരിച്ച് 40 ലക്ഷം രൂപ മുടക്കി അവിടെ ക്യാൻസർ രോഗികളായ കുട്ടികൾക്കായി ഒരു കെട്ടിടം പണിതു. എം.പി.ഫണ്ടിൽ നിന്ന് ഇപ്പോൾ ജനറേറ്ററിനുവേണ്ടി ഏഴ് ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്ന് സെൻട്രലൈസ്ഡ് ഓക്സിജനു വേണ്ടി ഒരു ലക്ഷം രൂപ മുടക്കി സെൻട്രലൈസ്ഡ് ഓക്സിജൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. അടുത്ത ആഴ്ച ഒരു നിയോനേറ്റൽ വെന്റിലേറ്റർ ഒരു സ്വകാര്യ വ്യക്തി നൽകുന്നതാണ്. ഇത്രയും കാര്യങ്ങൾ അവിടെ ചെയ്തു. ഒരുമണി കഴിഞ്ഞാൽ കുട്ടികളെയും കൊണ്ട് ഒന്നര കിലോമീറ്റർ അകലെയുള്ള മെഡിക്കൽ കോളേജിൽ പോയാൽ മാത്രമേ ലാബോറട്ടറിയിൽ ടെസ്റ്റ് നടത്താൻ കഴിയുകയുള്ളൂ. അടിയന്തരമായി അവിടെ ഏറ്റവും ആധുനികമായ ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 50 ലക്ഷം രൂപ അനുവദിച്ചത് ഏതൊക്കെ കാര്യത്തിനുവേണ്ടിയാണെന്ന് ഞാൻ ശരിക്ക് പരിശോധിച്ചിട്ടില്ല. തീർച്ചയായും ലബോറട്ടറി വേണ്ടതാണ്. കുട്ടികളെയും കൊണ്ട് രണ്ടര കിലോ മീറ്റർ അകലെയുള്ള ലബോറട്ടറിയിൽ പോകുകയെന്നു പറഞ്ഞാൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇവിടത്തെ പ്രശ്നമെന്താണെന്ന് പരിശോധിക്കാം.

ശ്രീ. കെ. രാജു: സർ, കൊല്ലം ജില്ലാ ആശുപത്രി കഴിഞ്ഞാൽ കൊല്ലം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രി പുനലൂർ താലൂക്ക് ആശുപത്രി യാണ്. 17 ഡോക്ടർമാരുടെ തസ്തികകളാണ് അവിടെയുള്ളത്. ഇപ്പോൾ 7 ഡോക്ടർമാർ മാത്രമേയുള്ളൂ. ഈ ആശുപത്രി ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റപ്പെട്ടതാണ്. അടിയന്തരമായി ആ ഒഴിവുകൾ നികത്തുന്ന തിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ വേക്കൻസി റിപ്പോർട്ട് ചെയ്യും. ലിസ്റ്റ് പ്രിപ്പയർ ചെയ്തുകൊണ്ടിരിക്കുകയാണ്. ജനുവരി പകുതിയോടുകൂടി അഡ്വൈസ് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. 500-ലധികം പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്തതിന്റെ ഫലമായിട്ടുള്ളതാണ്. ജനുവരിയോടുകൂടി അത് പരിഹരിക്കാൻ കഴിയും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നത് ജില്ലാ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലു മാണെന്ന് ഇവിടെ പറഞ്ഞു. അവിടെ മാത്രമല്ല പ്രസവം നടക്കുന്നത്. പ്രസവത്തിനായി എല്ലാ സ്ത്രീകൾക്കും ജില്ലാ ആശുപത്രിയിലും സ്ത്രീകളു ടെയും കുട്ടികളുടെയും ആശുപത്രിയിലും പോകാൻ പറ്റില്ല. കമ്മ്യൂണിറ്റി

ഹെൽത്ത് സെന്ററുകളിലും പബ്ലിക് ഹെൽത്ത് സെന്ററുകളിലുമൊക്കെ പ്രസവം നടക്കുന്നുണ്ട്. അവിടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഗൈനക്കോളജിസ്റ്റുകളുടെ ആവശ്യമുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഗൈനക്കോളജിസ്റ്റുകളെ പോസ്റ്റ് ചെയ്യാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തതായി അഷ്വറൻസ് കമ്മിറ്റി തെളിവെടുപ്പുവേളയിൽ ഉദ്യോഗസ്ഥർ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും എന്റെ സുഹൃത്ത് അബ്ദുറഹിമാൻ രണ്ടത്താണിയുടെ നിയോജക മണ്ഡലത്തിലെ താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഗൈനക്കോളജിസ്റ്റ് ഇല്ല. അതുകൊണ്ട് ഈ രണ്ട് ഹെൽത്ത് സെന്ററുകളിലും ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഗവൺമെന്റ് മേഖലയിൽ ഇപ്പോഴും സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെ വളരെയേറെ ഷോർട്ടേജ് ഉണ്ട്. പക്ഷേ എനിക്ക് തോന്നുന്നത് 4000 സാധാരണ ഡോക്ടർമാരുടെ ലിസ്റ്റ് ഇപ്പോൾ വന്നുകഴിഞ്ഞിട്ടുണ്ടെന്നാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെ അപേക്ഷയും പി.എസ്.സിക്ക് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അവരുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞാൽ കേരളത്തിലെ 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു പീഡിയാട്രീഷനെയും കൊടുക്കാൻ കഴിയുമെന്ന വിശ്വാസമാണ് എനിക്കുള്ളത്.

ശ്രീ. കെ. അജിത്: വൈക്കം താലൂക്ക് ആശുപത്രിയിൽ ഒരു ദിവസം ആയിരത്തിലധികം രോഗികൾ വരുന്നുണ്ട്. ഇപ്പോൾ അവിടത്തെ കെട്ടിടങ്ങളെല്ലാം ജീർണ്ണാവസ്ഥയിലാണ്. അത് നവീകരിക്കാൻ ഒരുപദ്ധതി തയ്യാറാക്കുമോ; അതുപോലെ തന്നെ ബ്ലഡ്ബാങ്ക് ഇല്ലാത്തതിന്റെ ഒരു അസൗകര്യമുണ്ട്. ആ കാര്യത്തിലും പരിഹാരമുണ്ടാക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ആശുപത്രിയുടെ ഒരു ഭാഗം നവീകരിച്ചു കഴിഞ്ഞു. മറ്റേ ഭാഗംകൂടി നവീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഹരിപ്പാട് താലൂക്കാശുപത്രിയിലും പുനലൂരിലെ കാര്യം സൂചിപ്പിച്ചതുപോലെയാണ്. ആകെയുള്ള ഡോക്ടർമാരുടെ പോസ്റ്റുകൾ 20 ആണ്. അവിടെയുള്ള ഡോക്ടർമാരുടെ എണ്ണം ഏഴാണ്. അടുത്ത ദിവസം ഒരു അപകടമുണ്ടായപ്പോൾ പോസ്റ്റുമോർട്ടത്തിനു വേണ്ടി ഞാനും കൂടെ അവിടെ എത്തിയപ്പോൾ, അവിടെ ഡ്യൂട്ടിയിലുള്ള ഡോക്ടർ എൻ.ആർ.എച്ച്.എം.- ൽ കോൺട്രാക്ടിൽ വന്ന ഒരു ഡോക്ടറാണ്. ആ കുട്ടി ആദ്യമായി പോസ്റ്റുമോർട്ടം ചെയ്യുകയാണ്. അതിന് വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. പിന്നെ ഞാൻ ആർ.എം.ഒ.-യ്ക്ക് കാർ കൊടുത്ത് വിളിച്ചു വരുത്തി. അതിനുശേഷമാണ് അവിടെ പോസ്റ്റുമോർട്ടം നടന്നത്. ആ കുട്ടി തന്നെ പോസ്റ്റുമോർട്ടം ചെയ്തു. പക്ഷേ ഇത് പരിതാപകരമായ അവസ്ഥയാണ് അതിനാവശ്യമായ പരിഹാരമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ആശുപത്രികളിൽ ഡോക്ടർമാരെ പോസ്റ്റുചെയ്താൽ ചിലർ ലീവെടുത്ത് പോകുന്നു, ചിലർ തിരുവനന്തപുരത്തുനിന്ന് ഹരിപ്പാടേയ്ക്കോ പുനലൂരിലേയ്ക്കോ പോയി ഒരു മണിയാകുമ്പോൾ തിരിച്ച് മറ്റൊരു സ്ഥലത്തേക്ക് വരുന്നു. ഇത്തരത്തിലുള്ള പ്രവണത കേരളത്തിലെ എല്ലാ ഭാഗങ്ങളിലും പലരുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. ഇതിനെസംബന്ധിച്ച് പരിശോധിച്ച് ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ഈ പ്രയാസങ്ങളുണ്ടാകുന്നത്. ഹരിപ്പാട് അഞ്ച് ഡോക്ടർമാരുടെ കുറവുണ്ടാകും. 7 ആയിരിക്കില്ല എന്നുള്ള തോന്നലാണ് എനിക്കുള്ളത്. ഞാൻ അത് പരിശോധിച്ച് ജനുവരിമാസം 31-നുള്ളിൽത്തന്നെ ഡോക്ടേഴ്സിനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകെ വിലക്കയറ്റമാണ്. മരുന്നുകളുടെ വില വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എന്റെ മണ്ഡലത്തിൽ അടിമാലിയിലും ദേവികുളത്തും ചില തസ്തികകളുടെ കുറവുണ്ട്. തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അടിമാലിയിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്, നല്ല രീതിയിൽ ആശുപത്രി പ്രവർത്തിക്കുന്നുമുണ്ട്. ഗവൺമെന്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ രൂപീകരിച്ചതുതന്നെ സർക്കാർ ആശുപത്രികളിൽ മരുന്ന് സൗജന്യമായി ലഭ്യമാക്കാനാണ്.

ശ്രീ. കെ. ബാബു: സർ, മാവേലിക്കര താലൂക്കാശുപത്രിയിൽ അവിടെത്തന്നെയുള്ള ഹെഡ്നഴ്സ് ശസ്ത്രക്രിയയ്ക്ക് വിധേയമായപ്പോൾ അനസ്തേഷ്യ കൊടുത്തതിലുണ്ടായ അപാകതമൂലം മരണമടഞ്ഞതായി ഇന്നത്തെ കേരള കൗമുദിയിൽ വാർത്ത വന്നിട്ടുണ്ട്. അനസ്തേഷ്യ കൊടുക്കുമ്പോൾ അപകടങ്ങൾ സംഭവിക്കുന്നത് ഒറ്റപ്പെട്ട കാര്യമല്ല. സ്ഥിരമായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് അനസ്തേഷ്യ കൊടുക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഇത്തരം സംഭവങ്ങൾ സ്ഥിരമായി ഞാൻ കേട്ടിട്ടില്ലെങ്കിലും അപൂർവ്വമായി കേൾക്കുന്നുണ്ട്. ഇത് വളരെ വേദനാജനകമായിട്ടുള്ള കാര്യമാണ്. അനസ്തേഷ്യ കൊടുക്കുമ്പോഴാണ് ഹാർട്ട റ്റാക്കുണ്ടായത്. അതിനെസംബന്ധിച്ച് കംപ്ലെയിന്റ് കിട്ടിയിട്ടുണ്ട്. അത് പരിശോധിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് തീർച്ചയായും സീരിയസായിട്ടെടുക്കും.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ക്യാൻസർ രോഗ ചികിത്സയിൽ സമീപകാലത്ത് വലിയ മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. ആ ചികിത്സാ സമ്പ്രദായം

കേരളത്തിലെ ആശുപത്രികളിൽ അടിയന്തരമായി കൊണ്ടുവരുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, മലബാർ കാൻസർ സെന്ററിലെ സ്റ്റെംസെൽ ട്രീറ്റുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് 5 കോടിയോളം രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. അതിനുവേണ്ടി ഡോക്ടർമാരെയും പോസ്റ്റ്ചെയ്തുകഴിഞ്ഞു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ. ധാരാളമുണ്ടാകുന്ന ഈ കാലഘട്ടത്തിൽ ധനാഢ്യന്മാർക്ക് ഒരുപാട് സൗകര്യങ്ങളുണ്ട്. പക്ഷേ പാവപ്പെട്ട ജനങ്ങൾ സർക്കാർ ആശുപത്രി കളെ മാത്രമാണ് ആശ്രയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ തീരപ്രദേശത്തെ ജനങ്ങൾ എറ്റവും കൂടുതൽ ആശ്രയിക്കുന്നത് താനൂർ സി.എച്ച്.സി.യെയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. അവിടെയുണ്ടായിരുന്ന ഗൈനക്കോളജിസ്റ്റിനെ അവിടെ നിന്ന് മാറ്റി. അവിടെയുള്ള പാവപ്പെട്ട സ്ത്രീകൾ വളരെയേറെ പ്രയാസപ്പെടുകയാണ്. അങ്ങ് ഇവിടെ പറഞ്ഞത് ബ്ലഡ് ബാങ്കിനുള്ള സൗകര്യമൊരുക്കിയതിനുശേഷമേ ഗൈനക്കോളജിസ്റ്റിന്റെ പോസ്റ്റ് നൽകുകയുള്ളൂ എന്നാണ്. താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ബ്ലഡ് ബാങ്കിനുള്ള സൗകര്യമൊരുക്കുന്നതിനും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, താനൂർ സി.എച്ച്.സി.യിൽ ബ്ലഡ് ബാങ്കല്ല, ബ്ലഡ് സ്റ്റോറേജാണ് വേണ്ടത്. ബ്ലഡ് ബാങ്ക് നമുക്ക് ആവശ്യത്തിനുണ്ട് അത്രയും മതി. ചെറിയ ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജാണ് വേണ്ടത്. തീർച്ചയായിട്ടും താനൂർ സി.എച്ച്.സി.-യിലെ ഗൈനക്കോളജിസ്റ്റ് ഇപ്പോൾ എങ്ങോട്ടാണ് പോയത് എന്നുള്ളത് പരിശോധിക്കാം. ഒപ്പം ബ്ലഡ് സ്റ്റോറേജുണ്ടാക്കി അവിടെ ഗൈനക്കോളജിസ്റ്റിനെ പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, അലോപ്പതിയോടൊപ്പം തന്നെ ആയുർവേദത്തിന്റെയും ഹോമിയോയുടെയും പ്രാധാന്യം ഈ മെഡിക്കൽ യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചാവേളയിൽ നമ്മൾ കേട്ടതാണ്. ആയുർവേദ ആശുപത്രികൾ അല്ലെങ്കിൽ ഹോമിയോ ആശുപത്രികളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അതിലേതെങ്കിലുമൊന്ന് നൽകുമെന്നുള്ള ഉറപ്പ് തന്നിരുന്നതാണ്. അങ്ങനെയാണെങ്കിൽ തയ്ക്കാട് ഗ്രാമപഞ്ചായത്ത് അതിനുള്ള സ്ഥല സൗകര്യമടക്കം ലഭ്യമാക്കിത്തന്ന സ്ഥിതിക്ക് അവിടെ ആയുർവേദ ആശുപത്രി ആരംഭിക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ശ്രീ. മുരളി പെരുനെല്ലി പറഞ്ഞത് അവരുടെ പഞ്ചായത്തിൽ ആശുപത്രികളില്ലെന്നുള്ളതാണ്. നമുക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കുറച്ച്ഫണ്ട് കൂടി ബാക്കിയുണ്ട്. പഞ്ചായത്ത് കെട്ടിട സൗകര്യം തന്നാൽ ഒരു ഹോമിയോ ആശുപത്രി തുടങ്ങാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രി മുൻകയ്യെടുത്ത് സംസ്ഥാനത്തെ വിവിധ ആശുപത്രികൾ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. ഇങ്ങനെ അപ്ഗ്രേഡ് ചെയ്തിരിക്കുന്ന ആശുപത്രികളിൽ അതിനുള്ള അടിസ്ഥാന സൗകര്യമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പുതുതായി സ്റ്റാഫിനെ നിയമിക്കാനും പുതിയ അടിസ്ഥാന സൗകര്യമുണ്ടാക്കാനും ഗവൺമെന്റ് മുൻകയ്യെടുക്കുമോ? കുറവിലങ്ങാട് ആശുപത്രിക്കുവേണ്ടി 740 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അതിന് ഗവൺമെന്റ് അനുവാദം നൽകുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കുറവിലങ്ങാട് ആശുപത്രിക്കു വേണ്ടി പുതിയ കെട്ടിടമെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാം. പക്ഷെ അതിലുള്ള ഒരു പ്രശ്നം, ഒന്നോ രണ്ടോ ഡോക്ടർമാർ മാത്രമായി കെട്ടിടമെടുത്തിട്ടാൽ പിന്നീട് അതിൽ വലിയ പരാതിയും പഴിയുമൊക്കെ കേൾക്കേണ്ടിവരും. ഇത് ആദ്യം അപ്ഗ്രേഡ് ചെയ്യുന്നു. എന്നിട്ട് ധനകാര്യ വകുപ്പിലേയ്ക്ക് അതിന്റെ പ്രൊപ്പോസൽ അയയ്ക്കാം. അതിന്റെ നടപടി യായിട്ടുണ്ട്. ഇപ്പോൾ കുറെ ആശുപത്രികളിലേക്ക് പോസ്റ്റ് ക്രിയേഷനു വേണ്ടിയുള്ള ഒരു ഫയലുണ്ട്. എന്നാലും ഗവൺമെന്റ് കഴിഞ്ഞ നാല് വർഷം ഒട്ടേറെ ആശുപത്രികളിൽ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് കൊടുത്തിട്ടുണ്ട്. ഇനിയും അതിനുള്ള സ്റ്റെപ്പുകളെടുക്കാം.

ജലസംരക്ഷണ അവബോധം

2 (*212) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജലസംരക്ഷണ അവബോധത്തിനായി ജലസേചന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രശ്നബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(സി) കിണർവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള പദ്ധതിയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജലദുരുപയോഗം തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ,

(എ) ജല സംരക്ഷണ അവബോധത്തിനായി 'ജലസുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ജലവിഭവ വകുപ്പ് ആവിഷ്കരിച്ച്